# AT THE RATE SIGN

@

GOVT. HIGHER SECONDARY SCHOOL

PUTHUPPADI (P . O)

# മുഖമൊഴി

ഡിജിറ്റൽ വിസ്മയങ്ങളുടെ ഈ കാലത്ത്
കാണുന്നതും കേൾക്കുന്നതും
വായിക്കുന്നതും പറയുന്നതുമെല്ലാം
ഡിജിറ്റലൈസ് ചെയ്യപ്പെടുന്ന ഒരു
കാലത്ത് -@-“AT THE RATE SIGN” ഒരു ശ്രമമാണ്.
വിലമതിക്കപ്പെടേണ്ട വാക്കുകളുടെ
ബന്ധങ്ങളുടെ ഓർമ്മകളുടെ കാഴ്ചകളുടെ
ലോകത്തേക്കുള്ള ഒരു ക്ഷണമാണ്......
എല്ലാത്തിനും മൂല്യം കൽപ്പിക്കപ്പെടട്ടെ
എന്ന ശുഭപ്രതീക്ഷയിലേക്കുള്ള ഒരു
തുറവിയാണ് @ -AT THE RATE SIGN...



MANJUSHA P V
Staff Editor




Chief Editor : Syam Kumar E
Staff Editor : Manjusha P V
Student Editor : Rabiyath Siraja
Cover Design : Little kites
Address : G.H.S.S Puthuppadi,Puthuppadi (P.O),
Kozhikode,673586
Phone : 04952235100
Email : ghssputhuppadi@gmail.com



# Syam Kumar E

Head Master


# ആശംസ



മലയോര പ്രദേശമായ പുതുപ്പാടിയിലെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് അടിത്തറയൊരുക്കി നിലകൊള്ളുന്ന പുതുപ്പാടി ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗം തയ്യാറാക്കുന്ന @- at the rate sign ഡിജിറ്റൽ മാഗസിന്ന് എല്ലാ വിധ



വിവരസാങ്കേതികവിദ്യയുടെ മാറ്റത്തിനൊത്ത സഞ്ചരിക്കുന്ന പുതുപ്പാടി ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗം തയ്യാറാക്കുന്ന @- at the rate sign ഡിജിറ്റൽ മാഗസിന്ന് എല്ലാ ഹൃദയം നിറഞ്ഞ ആശംസകളും നേരുന്നു



ഡിജിറ്റൽ കാഴ്ചകളുടെയും അറിവു നിർമാണത്തിന്റെയും ഈ കാലത്ത് പുതുപ്പാടി ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗം തയ്യാറാക്കുന്ന @- at the rate sign ഡിജിറ്റൽ മാഗസിന്ന് എല്ലാ വിധ ആശംസകളും



പുതുപ്പാടി ഗവ: ഹയർ സെക്കന്ററി സ്ക്കൂൾ ഹൈസ്ക്കൂൾ വിഭാഗം തയ്യാറാക്കുന്ന @- at the rate sign ഡിജിറ്റൽ മാഗസിന്ന് എല്ലാ വിധ ആശംസകളും നേരുന്നു

# ഗുരു സ്മരണ



**TENY RAJU**

**സേവന കാലയളവിൽ ഈ വിദ്യാലത്തിൽ വിജ്ഞാന ദീപമായ് തെളിഞ്ഞു നിന്ന പ്രിയപ്പെട്ട ടെനി സാറിന്റെ ദീപസ്മരണകൾക്കുമുമ്പിൽ പ്രണാമം**

ദീർഘകാലത്തെ സ്തുത്യർഹ മായ സേവനത്തിനു ശേഷം ഈ വിദ്യാലയത്തിൽ നിന്നും വിരമിക്കുന്ന അധ്യാപകർ



SYAM KUMAR E

HEAD MASTER



SREELATHA T V

SENIOR ASSISTANT



ABDUL MAJEED M

STAFF SECRETARY

## കവിത

# പ്രണയം


കാലം കാത്തുവെച്ച സുന്ദരമായ പദം "പ്രണയം"
പ്രണയത്താൽ
പിറക്കൊള്ളും പ്രാണവായു നീ
പ്രണയത്താൽ  പരിപാലനം പൊക്കിൾകൊടിയിലൂടെ നീ
സ്വർഗ്ഗപ്പഴം നിന്നെ വേർപെടുത്തിയോ പ്രണയത്താൽ ഭൂമി നീ
സ്വർഗ്ഗമാക്കിയോ അത്രമേൽ ഹ്രസ്വം പ്രണയം
വിസ്മൃതിയെത്ര ദീർഘവും ആ നയനങ്ങളിൽ ജ്വലിച്ചതെന്തോ എൻ
നെഞ്ചിൽ  ആണ്ടു കയറുന്നു
ഒരിക്കലും വറ്റാത്ത നീണ്ട കടലായി അവ നിലനിന്നപ്പോഴും,
എൻ തിരകൾ പോലും  ആസ്വദിക്കാതെ നീ തിരഞ്ഞു നടന്നു...



ആയിഷത്ത് നൂറ
ജി. എച്ച്. എസ്. എസ്. പുതുപ്പാടി

ഗ്ഗൂഗിൾ മാപ്പിൽ ഇല്ലാത്തത്

നഗരങ്ങൾ
നഗരത്തിലെ ആരാധനയിടങ്ങൾ പാലസുകൾ പാർക്കുകൾ
കാവുകൾ കടലോരങ്ങൾ
ഒക്കെയും ഗ്ഗൂഗിളിലുണ്ടാവും .
ഇറ്റുവീഴുന്ന ഒരു ജലത്തുള്ളിച്ചിത്രം വരച്ച് ഗ്ഗൂഗിൾ അതിനെയൊക്കെയും
അടയാളപ്പെടുത്തിയിട്ടുണ്ടാവും
എന്നാൽ,
ഗ്ഗൂഗിൾ മാപ്പിലില്ലാത്ത ചിലതുണ്ട് ...
ഒരിക്കലും അടയാളപ്പെടുത്തപ്പെടാത്തവ...
വഴിതെറ്റി വന്നവന്
വഴി ചോദിക്കുവാനുള്ള ഒരിടം .
പെരും വെള്ളത്തിൽ മുങ്ങിത്താഴ്ന്നവന് കൈപിടിച്ചു കേറാനുള്ള ഒരിടം
പട്ടിപായിച്ച കുഞ്ഞിനഭയമായ് ഓടിച്ചെന്നു കേറാനുള്ള ഒരിടം
ആർത്തലച്ച പേമാരിയിൽ നിന്ന്
ദേഹമൊളിപ്പിക്കാൻ അവശേഷിച്ച ഒരിടം .
മാരിമാറാകാലത്ത് ചേർത്തുവയ്ക്കാനുള്ള ചിലയിടങ്ങൾ...
പിന്നെയുമുണ്ട്
എത്ര തിരഞ്ഞാലും കണ്ടെടുക്കാനാകാത്ത ചിലയിടങ്ങൾ ...
ചെന്ന് കയറിയ വീട്ടിൽ നിന്ന് ആട്ടിപ്പായിക്കപ്പെട്ടവൾക്ക്,
പ്രാണനും കൊണ്ട് ഓടിപ്പോന്നവൾക്ക്,
ഒക്കെയും തലയുയർത്തി കേറിച്ചെല്ലാനുള്ള ഒരിടം ...
അറ്റുപോയ ബന്ധങ്ങൾക്കിടയിൽ വീർപ്പുമുട്ടിപ്പോയ കുഞ്ഞുപട്ടങ്ങൾക്ക്
ശേഷിച്ച ഒരാകാശക്കീറ് ...
ഓരത്തേക്ക് മാറ്റിവെച്ച്
ദ്രവിച്ചുപോയ ഓർമ്മകൾക്കൊപ്പം പേടിച്ചുറങ്ങുന്നവർക്ക് സ്വപ്നം കണ്ട്
ചുരുണ്ടുറങ്ങാനൊരിടം
വിശപ്പിന്റെ വിളിയിൽ
മടിച്ച് മടിക്കുത്തഴിച്ചും കൈനീട്ടിയുമെത്തുന്നവർക്ക്
കരുതലാകുന്ന ഒരിടം ...
ഇവയൊന്നും തിരഞ്ഞ്
വെറുതെ സമയം കളയണമെന്നില്ല ...
ഗ്ഗൂഗിൾ മാപ്പിലത് ചുവപ്പോ പച്ചയോ നീലയോ ആയി നീണ്ടുകിടക്കില്ല
ഗ്ഗൂഗിൾ മാപ്പിലില്ലാത്ത
ഈ ഇടങ്ങളിലേക്ക്
സ്ക്രോൾ ചെയ്യേണ്ട,
സ്വയ്പ് ചെയ്യേണ്ട ...
ഒരല്പം കുനിഞ്ഞ്,
ഒന്ന് നോക്കിയാൽ മാത്രം മതി
ആ ഒറ്റവഴിയിലേക്ക്.



- MANJUSHA P V

# നേട്ടങ്ങളുടെ നിറവിൽ ഈ കോച്ചും കായിക താരങ്ങളും .



കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച് സ്കൂളിനും നാടിനും അഭിമാനമായിരിക്കുകയാണ് കോച്ചും



കായികാധ്യാപകനുമായ എം അരവിന്ദാക്ഷനും അദ്ദേഹത്തിന്റെ കായികതാരങ്ങളായ വിദ്യാർത്ഥികളും. സബ്ജില്ലാ -ജില്ലാ -സംസ്ഥാന കായിക മേളകളിൽ



സ്കൂളിന്റെ മികച്ച പ്രകടനത്തിനും പങ്കാളിത്തത്തിനും പിന്നിൽ അവരുടെ പ്രിയപ്പെട്ട കായികാധ്യാപകൻ അരവിന്ദൻ മാഷാണെന്ന് കുട്ടികൾ അഭിമാനത്തോടെ പറയുന്നു. മികച്ച പരിശീലകനും കായികാധ്യാപകനുമായ എം അരവിന്ദാക്ഷൻ ഈ വർഷം മഹാരാഷ്ട്രയിൽ വച്ച് നടന്ന ദേശീയ സീനിയർ സ്കൂൾ



കായികമേളയിൽ പങ്കെടുത്ത് ജേതാക്കളായ കേരള ടീമിന്റെ പരിശീലകൻ കൂടിയായിരുന്നു. സ്കൂളിൻേറ കായിക സ്വപ്നങ്ങൾക്ക് കാവൽ നിൽക്കുന്ന ഈ കായികാധ്യാപകന്റെ നേട്ടങ്ങൾ സ്കൂളിന്റെ ചരിത്രത്തിലെ പൊൻതൂവലാണ്.



## അനുഭവം... അനുഭൂതികൾ

സ്കൗട്ട് ഗൈഡ്സ് നമ്മുടെ സ്കൂളിൽ തുടങ്ങിയ ശേഷം ലഭിച്ച അഡ്വാൻസ് കോഴ്സ് ട്രെയിനിങ്ങിന് കൊയിലാണ്ടിയിലെ നടുവത്തൂരിൽRTC സെന്ററിലേക്ക് പതിനാറാം തീയതി രാവിലെ തിരിച്ചു. 9 മണിക്ക് രജിസ്ട്രേഷൻ കഴിഞ്ഞു. സെഷൻതുടങ്ങി.
5.30 മുതൽ രാത്രി 10 മണി വരെ നീളുന്ന തിയറി പ്ലാക്ടിക്കൽ ക്ലാസുകളടങ്ങുന്ന ടൈറ്റ് ഷെഡ്യൂൾ . ഹിന്ദി കമാൻറുകളും ഹിന്ദി ഗീതങ്ങളും മാർച്ചും കെട്ടും ബാൻഡേജും മാപ്പിങ്ങും സാഹസിക യാത്രയും ഹൈക്കിങ്ങുമൊക്കെ അടങ്ങിയ അവിസ്മരണീയ ദിനങ്ങൾ. ഞങ്ങൾ കേരളത്തിലെ ഏതാണ്ടെല്ലാ ജില്ലകളിൽ നിന്നുമായി 80 ഓളം പേർ. 8പേർ ഒന്നിൽ എന്ന രീതിയിൽ ഒരു ചെറിയ ടെൻറ്റിൽ കാട്ടിനുള്ളിൽ രാത്രിയുറങ്ങിയും. പാതിരാവോളം ഹോം വർക്കുകൾ നീളുമ്പോഴും ക്യാമ്പിലെ അളവില്ലാത്ത തമാശ കളാസ്വദിച്ചും സൗഹൃദം പങ്കിട്ടും പിരിയാൻ മടിക്കുന്ന ഗൈഡ് പ്രസ്ഥാനത്തിന്റെ സാഹോദര്യ കൂട്ടായ്മയായി ഞങ്ങൾ....
ഒരു ഗൈഡ് ഒരു വീടിന്റെ തണലായിരിക്കുമെന്ന് അടിവരയിട്ടുറപ്പിക്കുന്ന



അമൂല്യമായ ക്ലാസുകൾ കഴിഞ്ഞിറങ്ങുമ്പോൾ ബേഡൻ പവ്വൽ വിഭാവനം ചെയ്ത സ്കൗട്ടിങ്ങിന്റെ ആഴവും പരപ്പും ഞങ്ങൾ അറിഞ്ഞു തുടങ്ങിയിരിന്നു .ഈ പ്രസ്ഥാനം സാമൂഹിക പ്രതിബന്ധതയും സമഭാവനയുമുള്ള ഒരു ഉത്തമ പൗരനെ ആത്മാഭിമാനത്തോടെ എങ്ങനെ വളർത്തിയെടുക്കുന്നുവെന്നാണ് ഈ ദിവസങ്ങളിൽ ഞങ്ങൾ മനസ്സിലാക്കിയെടുത്തത്.

**ജ്യോതി നാരായണൻ**
**അധ്യാപിക**

# കലയുടെ കയ്യൊപ്പുമായ് പ്രിയ ചിത്രകലാധ്യാപകൻ
# ജോജി മാഷ്













































**അനശ്വര്യ**
9 C



RABIYATH SIRAJA

# പൂമ്പാറ്റ

**മൃദുലമാം പുഷ്പങ്ങളുടെ**
**നിറുകയിൽ നീ**
**ഒരു ചുംബനത്തിന്റെ**
**താളുകൾ വിടർത്തി**





## ഭാരമുള്ള ശവപ്പെട്ടികൾ



MARIAM P K
TEACHER

ഏറ്റവും ചെറിയ ശവപ്പെട്ടികൾക്കാണ്
ഏറ്റവും കൂടുതൽ ഭാരം ......
അറിയുമോ എന്നെ
ആശുപത്രി മോർച്ചറിയുടെ തണുപ്പിൽ
ആരോരുമില്ലാത്തൊരു കുരുന്ന ശരീരം
അച്ഛനാരെന്നറിയില്ല
അമ്മയ്ക്കോ
വേണ്ടാത്തൊരു ജന്മം
കാമുകനൊപ്പം സുഖം തേടിപ്പോയവൾ
കൊലയ്ക്കു കൊടുക്കുവാൻ എന്നെയും കൂടെ കൂട്ടിയവർ
കാട്ടാളനാമാ കാമുകന്റെ
കിരാതവൃത്തികൾ
ഏറ്റുവാങ്ങിയെൻ ദേഹം
എപ്പഴോ ആകെ തളർന്നിരുന്നു
കാൽമുട്ടുകൊണ്ട് തലയ്ക്കടിച്ചെന്നെ  കൊലപ്പെടുത്തിയാകിരാതൻ
മരണമുറപ്പിക്കാൻ
എൻ മൃതദേഹം പിന്നെയും കടിച്ചു നോക്കിയാ കശ്മലൻ
എല്ലാമറിഞ്ഞിട്ടു -
മൊന്നുമറിയാത്ത പോലെയെന്നമ്മയും
അമ്മയെന്ന പദത്തിനപമാനമായവൾ
കാമുകനൊപ്പം ജയിലിലായവൾ.
ആരുമേറ്റെടുക്കാനില്ലാതെ,
മണ്ണോട് ചേർക്കുവാനാരുമില്ലാതെയെൻ കുഞ്ഞു ദേഹം
അല്ല,ആരൊക്കെയോ എനിക്കു മുണ്ട്
പോലീസുമാമൻമാരും
ചില നല്ല മനസിനുടമകളും...
വെള്ളത്തുണിക്കെട്ടിലാക്കിയെന്നെ
മണ്ണിൽ ചേർത്തവർ,
കുരുന്നു മേനിയിലെ രക്തപ്പാടുകളിൽ കണ്ണുടക്കി കണ്ണീരു വീഴ്ത്തിയ മനുഷ്യഹൃദയർ
എപ്പോഴെങ്കിലും കാണുമ്പോൾ
ചോദിക്കണം അവരോട്
എന്റെ ശവപ്പെട്ടിക്ക് എത്ര ഭാരമുണ്ടായിരുന്നുവെന്ന് ...
ഏറ്റവും ചെറിയ ശവപ്പെട്ടികൾക്കാണോ
ഏറ്റവും കൂടുതൽ ഭാരമെന്ന്
ഒന്ന് ചോദിച്ചറിയണം.



# ഭിന്നം ഈ കരുതൽ

അനേകം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആശ്രയവും കരുതലുമാണ് സ്കൂളിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർ ഉമ്മു ഹാരിഫ ടീച്ചർ നിറഞ്ഞ പുഞ്ചിരിയോടെ തന്റെ കുഞ്ഞുങ്ങളെ സ്വീകരിക്കുകയും അതേ മനസ്സാന്നിധ്യത്തോടെ അവരുടെ പ്രശ്നങ്ങളെ അഭിമുഖികരിക്കുകയും ചെയ്യുന്ന ടീച്ചറുടെ കരുതലും സ്നേഹവുമാർന്ന സാന്നിധ്യം ഭിന്നശേഷിക്കാരായ സ്കൂളിലെ കുട്ടികൾക്ക് വലിയ ആത്മവിശ്വാസം നൽകുന്നതാണ്. ബുദ്ധിയുടെയും പെരുമാറ്റത്തിന്റെയും പൊതു അളവുകോൽ വെച്ച് സമൂഹം അളക്കുന്ന തന്റെ കുഞ്ഞുങ്ങൾക്ക് കാവലും മാർഗദർശിയുമായി ടീച്ചറുള്ളത് ഈ വിദ്യാലത്തിനു നൽകുന്ന കരുതൽ ചെറുതല്ല.







WE ARE IMPERFECTLY PERFECT!
പരിമിതികളിൽ ഞങ്ങൾ പതറിയിട്ടില്ല, നിങ്ങളും പ്രതിസന്ധികളിൽ തളരരുത്.  കഴിവുകളിൽ ചിറകടിച്ച് നമുക്കൊന്നിച്ച് പറക്കാം....ഉയരങ്ങൾ കീഴടക്കാം...



Concentrate on the abilities your disability doesn't hinder and don't dwell on the things it interferes with. Be disabled physically, not in spirit" – Stephen Hawking

# ബാല്യകാല ഓർമ്മകൾ

ആഹ്ലാദത്തിന്റെ പെരുമഴ കൂട്ടങ്ങൾ ഓടുകയാണ് ആ കൊച്ചു വരാന്തയിലൂടെ.... ബെല്ലിന്റെ ശബ്ദം എന്റെ കാതുകളിലും വന്നു പതിഞ്ഞു വർണ്ണക്കടലാസുകളാൽ
തിളക്കമാർന്ന പാഠപുസ്തകങ്ങൾ, പേനതുമ്പുകളിൽ നിന്നും ഇറ്റു വീഴുന്ന മധുരാക്ഷരങ്ങൾ...
മാലാഖയായി അണിയത്ത് നിൽക്കുന്ന അധ്യാപിക.. ഓർക്കുകയാണ് ഞാൻ എന്റെ ബാല്യത്തെ... അനർഘമായ ആ ഓർമ്മകളെ മറക്കുവാൻ സാധിക്കുമോ എനിക്ക്
സൂര്യ രശ്മിയുടെ സ്പർശനമേറ്റ് പുസ്തകത്താളുകൾ

പതിയെ ഇമ ചിമ്മാൻതുടങ്ങി

ക്ലോക്കിന്റെ സൂചികൾ വേഗത്തിൽ ചലിച്ചു പാത്രത്തിന്റെ പെരുമുഴക്കങ്ങൾ കേട്ടു കണ്ണുകളെ ചോറ്റുപാത്രത്തിനിടയിലേക്ക് എറിഞ്ഞു കൊടുത്തു അവർ.

ഒടുവിൽ അവസാന നിമിഷത്തിൽ കേൾക്കാൻ ആഗ്രഹിച്ചിരുന്നതും കേട്ടു. ടീച്ചറുടെ മുഖത്തേക്ക് ഒരു ചെറുപുഞ്ചിരി എറിഞ്ഞു കൊടുത്തുകൊണ്ട് ചിറകുവിടർത്തി പാറിപ്പറന്നു അവർ..




വൈഗ. പി. കെ.

ജി. എച്ച്. എസ്. എസ്. പുതുപ്പാടി

# ശാട്ടിമൂട്ടർ



ഇനി ആ വിളി ശൂന്യതയിലേക്കോ?
മഴ കൊള്ളുമാ നിമിഷം കേൾക്കാം
പിതാവിൻ്റെ പതിവുള്ള താക്കീതിൻ സ്വരം പനിച്ചാൽ കിടക്കാൻ
ഇവിടെയൊട്ടുമേയിടമില്ല തന്നെ ....
കിടക്കുന്നു വാപ്പയിപ്പോഴുമാ
കോരിച്ചൊരിയും മഴയത്ത് ..
പറന്നുപോയ ചിത്രശലഭത്തെ കണ്ടോ
സത്യം പറയാൻ തേങ്ങി സമയം
ശലഭമില്ലാത്ത ഷൂ വേണ്ട പിതാവേയെന്നയെൻ ശാഠ്യം
പിന്നെ കണ്ടെത്തിയ ഷൂവിൽ ശലഭമുണ്ടായിരുന്നല്ലോ..!
ശാഠ്യമെൻ അടുത്തത് വാട്ടർബോട്ടിലിന്നായി നിത്യമെൻ
കരച്ചിലതിനായി പള്ളിക്കൂടത്തിലെത്തിയ
പിതാവിന്റെ കയ്യിൽ അയ്യാ വാട്ടർ ബോട്ടിൽ . '
ചൊല്ലി പിതാവെന്നോട് ഇതാ നിൻ ശാട്ടിമൂട്ടർ... കൊതിച്ചല്ലോ
അടുത്തതായ് കൊലുസിനായ് പള്ളിക്കൂടത്തിൽ നിന്നും ഊൺ
കഴിഞ്ഞെത്തിയ ഞാൻ തിരക്കീ കൊലുസ്സ് ...
അതൊന്നും വേണ്ട നിനക്കെന്നു വിലക്കീയുപ്പ പരിഭവം
പതിവാക്കിയപ്പോൾ
സഹികെട്ടുനിന്ന പിതാവിൻ പോക്കറ്റിൽ
കേട്ടു ഞാൻ കൊലുസ്സിൻ കിലുക്കം
മരിക്കാത്ത ഓർമ്മകളുമായി കൂട്ടിരിക്കാം പിതാവേ അങ്ങേക്കെൻ
പ്രാർത്ഥനയും സ്മരണയും.. കേൾക്കില്ലയെങ്കിലും
എൻ കൊതിക്കായി വിളിക്കുന്നു ഞാൻ വാപ്പേ..........വാപ്പേ.........

–തൻസീ



## My Imaginations

I am not poor
But my heart is pure
My brain is not pure
But there is no cure
My friend is Peter
He Ain't no cheater
Unlike the three people
Who listen to the one
And turn against me
Peter wears bangles
With some fluid in his tangles
He can jump very high
He can tie a tie
He can climb anything
But then he is nothing
When my mother calls me.



ENESTO JOHN JILSON
8 C

# A farmer

In fields of gold, where whispers sway,
There toils a farmer, day by day.
With sun-kissed brow and calloused hand,
He tends the earth, his sacred land.

From dawn's first light 'til shadows fall,
He hears the earth's enchanting call.
In furrowed rows, his dreams take root,
An ode to nature's timeless flute.



With patient heart and steady stride,
He sows the seeds, his hope implied.
Through rain and drought, through wind and storm,
His love for land, an endless form.

He knows the rhythm of the land,
Its secret language, soft and grand.
He reads the signs written in the sky,
And with each harvest, he's never shy.

For every crop that graces his hand,
Is more than just yield, it's a stand.
A testament to his honest toil,
A legacy of the fertile soil.

So here's to the farmer, noble and true,
Whose days are long, whose work is due.
In fields of gold, his story's told,
A steward of the earth, brave and bold.

# School, our second home

In halls of learning, young minds thrive,
Where knowledge flows and dreams take flight.
Books and pens, the tools we wield,
In search of wisdom's guiding light.

With friends we walk, through corridors,
Sharing laughter, joy, and cheer.
Teachers guide us, inspire our hearts,
As we grow wiser year by year.




In classrooms bright, we gather 'round,
To learn of numbers, words, and more.
Challenges faced, lessons embraced,
As we strive, our minds to explore.

In school we find, a place to grow,
To question, wonder, and create.
A journey shared, with highs and lows,
As we step toward our destined fate.

So here's to school, our second home,
Where memories made, forever stay.
In hearts and minds, the lessons roam,
Guiding us on life's winding way.

# THANKS

